# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.12.2024**

### പ്രധാനവാർത്തകൾ

1. കൃഷിക്ക് അനുകൂലമായി നെൽവയൽ തണ്ണീർത്തട നിയമങ്ങൾ നടപ്പാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നതെന്ന് മന്ത്രി കെ രാജൻ.
2. കേരളത്തിലെ ടൂറിസം മേഖലയെ പൂർണമായും വനിതാ സൗഹൃദമാക്കുന്നതിനായി പ്രത്യേക നയം കൊണ്ടുവരാനൊരുങ്ങി സംസ്ഥാന സർക്കാർ.
3. ആലപ്പുഴയിൽ വൈകല്യത്തോടെ കുട്ടി ജനിച്ച സംഭവത്തിൽ അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്ന് മന്ത്രി വീണ ജോർജ്.
4. ഫെൻജൽ ചുഴലിക്കാറ്റ് അതിതീവ്ര ന്യുനമർദ്ദമായി ശക്തി കുറയാൻ സാധ്യതയെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. സംസ്ഥാനത്തെ നാല് ജില്ലകളിൽ നാളെ അതിതീവ്ര മഴയ്ക്കുള്ള ചുവപ്പ് ജാഗ്രത.
5. സയ്ദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിൽ വനിതാ സിംഗിൾസിലും ഡബിൾസിലും പുരുഷ സിംഗിൾസിലും ഇന്ത്യയ്ക്ക് കിരീടം. ഐഎസ്എൽ ഫുട്ബോളിൽ ഒഡീഷ-ബെംഗളൂരു മത്സരം രാത്രി 7.30ന്.

RNU TVPM

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 4

**ഫെൻജൽ ചുഴലിക്കാറ്റ്**

പുതുച്ചേരിക്കും വടക്കൻ തമിഴ് നാടിനും മുകളിലായി ഇപ്പോൾ സ്ഥിതിചെയ്യുന്ന ഫെൻജൽ ചുഴലിക്കാറ്റ് വരും മണിക്കൂറുകളിൽ അതിതീവ്ര ന്യുന മർദ്ദമായി ശക്തി കുറയാൻ സാധ്യതയെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. ഫെൻജൽ ചുഴലിക്കാറ്റിന്റെ സ്വാധീനത്താൽ വടക്കൻ തമിഴ്നാട്ടിലും പുതുച്ചേരിയിലും കനത്ത മഴ തുടരുകയാണ്. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഒറ്റപ്പെട്ട നൂറിലധികം ആളുകളെ കരസേന വിജയകരമായി രക്ഷപ്പെടുത്തി. കാരയ്ക്കലിനും മഹാബലിപുരത്തിനും ഇടയിലായി കഴിഞ്ഞ രാത്രിയാണ് ചുഴലിക്കാറ്റ് തീരം കടന്നത്.

&&&&&&&&&&&&&&&&&&

**മഴ മുന്നറിയിപ്പ്**

സംസ്ഥാനത്തെ നാല് ജില്ലകളിൽ നാളെ അതിതീവ്ര മഴയ്ക്കുള്ള ചുവപ്പ് ജാഗ്രത. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകൾക്കാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നൽകിയിരിക്കുന്നത്. ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലും നാളെ എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, കാസർഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് ബുധനാഴ്ച വരെയും, ലക്ഷദ്വീപ് തീരത്ത് വ്യാഴാഴ്ച വരെയും

RNUTVPM

മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 1

**മന്ത്രി കെ രാജൻ- വയനാട്- ഇൻട്രോ**

വയനാട് പുനരധിവാസത്തിനുള്ള കേന്ദ്ര സഹായം സംബന്ധിച്ച് പ്രതിപക്ഷവും ഭരണപക്ഷവും ഒന്നിച്ച് കേരളത്തിനായി പ്രവർത്തിക്കണമെന്ന് മന്ത്രി കെ രാജൻ. ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ വിശദാംശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നൽകിയ കണക്കിൽ പ്രശ്നമുണ്ടെങ്കിൽ, കേന്ദ്രം രേഖാമൂലം അറിയിക്കണം. ദുരന്തങ്ങൾ നടക്കുമ്പോൾ സംസ്ഥാനത്തിൻറെ കാവൽ മാലാഖയായി കേന്ദ്രം പ്രവർത്തിക്കണമെന്നും ശ്രീ. കെ രാജൻ ആവശ്യപ്പെട്ടു. കൃഷിക്ക് അനുകൂലമായി നെൽവയൽ തണ്ണീർത്തട നിയമങ്ങൾ നടപ്പാക്കണം എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഭൂമി തരം സംബന്ധിച്ച കോടതിവിധി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്- കെ രാജൻ)

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 2

**പി എ മുഹമ്മദ് റിയാസ്**

കേരളത്തിലെ ടൂറിസം മേഖലയെ പൂർണമായും വനിതാ സൗഹൃദമാക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക നയം കൊണ്ടുവരുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ലോകത്തിലെ ഏറ്റവും സുരക്ഷിതമായ വനിതാ സൗഹൃദ ടൂറിസം ഡെസ്റ്റിനേഷനാക്കി കേരളത്തെ മാറ്റുകയാണ് ഉദ്ദേശമെന്നും അദ്ദേഹം പറഞ്ഞു. ഇടുക്കിയിലെ മാങ്കുളത്ത്

RNUTVPM

ത്രിദിന ആഗോള ലിംഗസമത്വ-ഉത്തരവാദിത്ത ടൂറിസം സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നയം കൊണ്ടുവരുന്നതിനായി സംസ്ഥാനത്തെ ടൂറിസം മേഖലയിലെ നിലവിലുള്ള വനിതാസൗഹൃദ അന്തരീക്ഷത്തെക്കുറിച്ച് നടത്തിയ ഓഡിറ്റ് റിപ്പോർട്ട് സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. സമ്മേളനത്തിൽ നടക്കുന്ന സുപ്രധാന ചർച്ചകളുടെ കൂടി അടിസ്ഥാനത്തിൽ തുടർനടപടികളിൽ തീരുമാനമെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**കെ രാജൻ**

അർഹതയില്ലാതെ സാമൂഹിക ക്ഷേമപെൻഷൻ വാങ്ങി തട്ടിപ്പ് നടത്തിയവരുടെ വിവരങ്ങൾ സർക്കാർ പുറത്ത് വിടുമെന്ന് മന്ത്രി കെ രാജൻ. 1438 പേർ തട്ടിപ്പ് നടത്തിയതായാണ് ധനകാര്യ വകുപ്പ് അറിയിച്ചത്. അവർക്കെല്ലാം വകുപ്പ് നോട്ടീസ് അയച്ചു. പണം തിരിച്ചു വാങ്ങുന്നത് കൂടാതെ തട്ടിപ്പുകാർക്കെതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

RNUTVPM

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 3

**വീണ ജോർജ്- വോയിസ്**

ആലപ്പുഴയിൽ വൈകല്യത്തോടെ കുട്ടി ജനിച്ച സംഭവത്തിൽ അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്. സംഭവത്തിൽ രണ്ട് സ്കാനിങ് സെന്ററുകൾക്കെതിരെ ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചു; ഇവ പൂട്ടി സീൽ ചെയ്തു. വീഴ്ച ഉണ്ടായവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്- വീണ ജോർജ്)

**&&&&&&&&&&&&&&&&&&**

**എയ്ഡ്സ് ദിനം**

ഇന്ന് ഡിസംബർ 1, ലോക എയ്ഡ്സ് ദിനം. എയ്ഡ്സിനെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ന് ലോക എയ്ഡ്സ് ദിനം ആചരിക്കുന്നത്. എച്ച്ഐവിക്കെതിരായി ഒരുമിച്ച് പോരാടാനും എച്ച്ഐവി ബാധിതർക്ക് പിന്തുണ നൽകാനും ഈ ദിനം അവസരമൊരുക്കുന്നു. അവകാശങ്ങളുടെ പാത സ്വീകരിക്കുക' എന്നതാണ് ഈ വർഷത്തെ എയ്ഡ്സ് ദിന സന്ദേശം.

**&&&&&&&&&&&&&&&&&&**

**മുഖ്യമന്ത്രി**

എച്ച്.ഐ.വി. അണുബാധ ഇല്ലാതാക്കാൻ 'ഒന്നായ് പൂജ്യത്തിലേയ്ക്ക്' എന്ന ക്യാമ്പയിനിലൂടെ സമഗ്രമായ ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസരിച്ച് 2030 ഓടെ പുതിയ എച്ച്.ഐ.വി. അണുബാധ ഇല്ലാതെയാകുന്ന സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. എന്നാൽ കേരളം ഈ ലക്ഷ്യം വളരെ നേരത്തെ തന്നെ കൈവരിക്കാൻ പോവുകയാണെന്നും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

RNUTVPM

**&&&&&&&&&&&&&&&&&&**

ഹെഡ് ലൈൻ 5

**ബാഡ്മിൻറൺ**

ലക്നൗവിൽ നടക്കുന്ന സയ്ദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിൽ വനിതാ സിംഗിൾസിലും

ഡബിൾസിലും പുരുഷ സിംഗിൾസിലും ഇന്ത്യയ്ക്ക് കിരീടം. വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ത്യയുടെ പി വി സിന്ധു ചൈനയുടെ വു ലോ യു വിനെയാണ് പരാജയപ്പെടുത്തിയത്. പുരുഷ സിംഗിൾസിൽ സിംഗപ്പൂരിൻറെ ജിയ ഹെങ് ജസൻ തെയെ തോൽപ്പിച്ചാണ് ലക്ഷ്യസെൻ കിരീടം നേടിയത്. വനിതാ ഡബിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം ചൈനീസ് സഖ്യത്തെയാണ് പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 5 എ

**ഐഎസ്എൽ**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ഒഡീഷ എഫ്സി ബെംഗളൂരു എഫ്സിയെ നേരിടും. രാത്രി 7.30ന് ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

&&&&&&&&&&&&&&&&&&&

**പുനരുജ്ജീവനപദ്ധതി- ഇൻട്രോ**

കണ്ണൂർ കോർപറേഷനിലെ കാനാമ്പുഴ പുനരുജ്ജീവന പ്രക്രിയ അന്തിമ ഘട്ടത്തിലെത്തുന്നു. സംസ്ഥാനത്തെ ആദ്യ നദി പുനരുജ്ജീവന പദ്ധതിയാണിത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ......**

**(വോയിസ്)**

&&&&&&&&&&&&&&&&&&&

**ജി ആർ അനിൽ**

സംസ്ഥാനത്ത് ഈ മാസത്തെ റേഷൻ വിതരണം മറ്റന്നാൾ വരെ നീട്ടിയതാ യി മന്ത്രി G.R അനിൽ. ബുധനാഴ്ച മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് വ്യാപാരികൾക്ക് അവധി ആയിരിക്കുമെന്നും വ്യാഴാഴ്ച മുതൽ ഡിസംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

&&&&&&&&&&&&&&&&&&

**റേഷൻകാർഡ് മസ്റ്ററിംഗ് ക്യാമ്പുകൾ**

പത്തനംതിട്ട ദേശീയ ഭക്ഷ്യഭദ്രത പദ്ധതിയിലുൾപ്പെട്ട മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡുകളുടെ ഇ.കെ.വൈസി അപ്ഡേഷന് വേണ്ടി ഇ.പി.ഒഎസ് മെഷീൻ, ഐറിസ് സ്കാനർ, ഫെയിസ് ആപ്പ് എന്നിവ വഴി അപ്ഡേഷൻ നടത്തുന്നതിനായി നാളെ മുതൽ 15 വരെ കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസിൽ ക്യാമ്പുകൾ നടത്തും.

&&&&&&&&&&&&&&&&&&

RNU TVPM

**ശബരിമല- തിരക്ക്**

ശബരിമല തീർത്ഥാടനത്തിന് വെർച്വൽ ക്യൂവിൽ ബുക്ക് ചെയ്യുന്നവർ സമയക്രമം പാലിക്കുന്നത് തിരക്ക് ഒഴിവാക്കാനുപകരിക്കുമെന്ന് പത്തനംതിട്ട ജില്ലാ പോലീസ്. ബുക്ക് ചെയ്ത സ്ലോട്ടിന്റെ സമയക്രമം പാലിക്കാതെ ദർശനത്തിന് എത്തുന്നവരുടെ എണ്ണം വർധിക്കുന്നത് അനാവശ്യ തിരക്കിന് കാരണമാകുന്നു. കൃത്യമായ സമയം പാലിച്ച് ഭക്തർ ദർശനത്തിനെത്തിയാൽ ഇതൊഴിവാക്കാൻ കഴിയുമെന്നാണ് പോലീസ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

**കോട്ടയം- ഖനനം നിരോധിച്ചു**

ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിരിക്കുന്ന കോട്ടയം ജില്ലയിൽ, ഈ മാസം നാല് വരെ എല്ലാ ഖനന പ്രവർത്തനങ്ങളും നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

&&&&&&&&&&&&&&&&&&

വാർഡ് വിഭജനം- അവസാന തീയതി നീട്ടി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കരട് വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ നാല് വരെ ദീർഘിപ്പിച്ചു. പരാതികളും നിർദ്ദേശങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ, ജില്ലാ കളക്ടർക്കോ നേരിട്ടോ രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ ആണ് നൽകേണ്ടത്.

&&&&&&&&&&&&&&&&&&

ഹജ്ജ് പരിശീലനം- മന്ത്രി കടന്നപ്പള്ളി

രാജ്യത്ത് വിശ്വാസത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നു എന്നതാണ് മതേതരത്വം കൊണ്ട് ഉദ്ദേശിക്കുന്നതെന്നും മതേതരത്വത്തിൽ എല്ലാ പ്രാർത്ഥനകൾക്കും ഒരുപോലെ പ്രാധാന്യമുണ്ടെന്നും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. കണ്ണൂർ, അഴീക്കോട് മണ്ഡലങ്ങളിലെ ഹജ്ജ് തീർത്ഥാടകർക്കായി ജില്ലാ ഹജ്ജ് കമ്മിറ്റി സംഘടിപ്പിച്ച ഹജ്ജ് സാങ്കേതിക പരിശീലന ക്ലാസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 470 പേർ പരിശീലന ക്ലാസിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&

RIJU TVPM